# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5282 5-7-2012 ന് മറുപടിയ്ക്ക്**

**നെല്ലിയാമ്പതിയിലെ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി ചെന്താമരാക്ഷൻ : | | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | നെല്ലിയാമ്പതിയിൽ പാട്ടക്കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങളാണ് സ്വകാര്യവ്യക്തികൾ നടത്തിവരുന്നത് ; | (എ) | നെല്ലിയാമ്പതിയിലെ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളൊന്നും നിലവിൽ സ്വകാര്യവ്യക്തികൾ നടത്തിവരുന്നില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തോട്ടങ്ങൾ ഏറ്റെടുത്തു ; | (ബി) | നിലവിൽ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്തിട്ടില്ല. എന്നാൽ പാട്ടക്കരാർ ലംഘനം നടത്തിയ മീരാഫ്ളോറസ് എസ്റ്റേറ്റ് (5 ബിറ്റുകൾ ) 27/6/2011 ന് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പാട്ടക്കരാർ ലംഘനം നടത്തിയ ചെറുനെല്ലി എസ്റ്റേറ്റിന്റെ പാട്ടക്കരാർ റദ്ദാക്കി സർക്കാർ ഏറ്റെടുത്തുവെങ്കിലും കോടതി നിർദേശത്തെ തുടർന്ന് തിരിച്ചുകൊടുക്കുകയുണ്ടായി. |
| (സി) | പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനുള്ള കാലതാമസമെന്താണെന്ന് വ്യക്തമാക്കുമോ ? | (സി) | പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഒന്നുംതന്നെ ഏറ്റെടുക്കുവാനില്ല. |

സെക്ഷൻ ആഫീസർ